"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ്- കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ടി.ഡി.സി) - മൂന്നാർ ടീ കൗണ്ടിയുടെ നവീകരണ പ്രവർത്തനത്തിന്റെ ഭാഗമായി ചെലവായ തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.164/2025/TSM തീയതി,തിരുവനന്തപുരം, 21-03-2025

---

പരാമർശം:-
1. സ.ഉ(സാധാ)നം.295/2020/ടൂറിസം തീയതി 09.09.2020
2. കെടിഡിസി മാനേജിംഗ് ഡയറക്ടറുടെ 28.06.2024 ലെ KTDC/EW/ESTT/Utilisation/TC/2024 നമ്പർ കത്ത്.
3. 20.11.2024 ലെ സ.ഉ(സാധാ)നം.669/2024/ടൂറിസം

**<u>ഉത്തരവ്</u>**

കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന്റെ മൂന്നാർ ടീ കൗണ്ടി പദ്ധതിയുടെ നവീകരണ പ്രവർത്തനങ്ങൾക്കായി, പരാമർശം(1) പ്രകാരം ഭരണാനുമതി നൽകിയ 275 ലക്ഷം രൂപയിൽ നിന്നും ടീ കൗണ്ടി മൂന്നാറിന്റെ നവീകരണത്തിനായി ചെയ്തുതീർത്ത പണിയുടെ തുകയായ 27,70,973 രൂപ റിലീസ് ചെയ്ത് നൽകണമെന്ന് പരാമർശം (2) പ്രകാരം മാനേജിംഗ് ഡയറക്ടർ, കെ.ടി ഡി.സി അഭ്യർഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.ടി.ഡി.സി. യുടെ മൂന്നാർ ടീ കൗണ്ടിയുടെ നവീകരണ പ്രവർത്തനത്തിനായി ചെലവായ ₹27,70,973/-(ഇരുപത്തിയേഴ് ലക്ഷത്തി എഴുപതിനായിരത്തി തൊള്ളായിരത്തി എഴുപത്തി മൂന്ന് രൂപ) നടപ്പ് സാമ്പത്തിക വർഷത്തിൽ 5452-01-190-99- Kerala Tourism Development Corporation (Plan) എന്ന ശീർഷകത്തിൽ നിന്നും ചുവടെ പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്കു വിധേയമായി റിലീസ് ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1) 16/04/2018-ലെ സ ഉ (പി)62/2018/ധന യിലെ വ്യവസ്ഥക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.

2) 09/12/08-ലെ സർക്കുലർ നം.84/2008/ധനയും 30/01/2018-ലെ സർക്കുലർ നം. 08/2018/ധന-ലേയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

3) അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ.ഉ (കൈ)

നം.04/2020/ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്.

4) വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ, തിരുവനനന്തപുരം
ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (12.03.2025 ലെ 2918722/പി.യു-സി3/173/2023-ധന പാർട്ട്(2) പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 21-03-2025 17:08:31
സെക്ഷൻ ഓഫീസർ

പകർപ്പ്:-
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്